**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1017** | **27-07-2021 - ൽ മറുപടിയ്ക്ക്**

**സീഡ്സ് കോർപ്പറേഷൻ വഴി നൽകിയ നെൽവിത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ കഴിഞ്ഞ സീസണിൽ നാഷണൽ സീഡ്സ് കോർപ്പറേഷൻ വഴി നൽകിയ നെൽവിത്ത് ഒരേ ചാക്കിൽ തന്നെ വ്യത്യസ്ത കാലയളവ് മൂപ്പുള്ള വിത്തായിരുന്നുവെന്നും തന്മൂലം കർഷകർക്ക് കൊയ്ത്തിന് വളരെയേറെ പ്രയാസങ്ങൾ നേരിട്ടുവെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും വാങ്ങിയ നെൽ വിത്തിലാണ് പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത്. പരാതി ലഭിച്ചതിനെ തുടർന്ന് മണലൂർ മണ്ഡലത്തിലെ അരിമ്പൂർ, തോളൂർ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ കൃഷി വകുപ്പ് , കേരള കാർഷിക സർവകലാശാല എന്നിവയിലെ അംഗങ്ങൾ അടങ്ങുന്ന സംയുക്ത സംഘം സ്ഥലപരിശോധന നടത്തുകയും സ്ഥിതി വിലയിരുത്തുകയും ചെയ്തു. ഇതു സംബന്ധിച്ച കാർഷിക സർവകലാശാലയിലെ ഗവേഷണ വിഭാഗത്തിന്റെ റിപ്പോർട്ടിൻ പ്രകാരം ചില സ്ഥലങ്ങളിൽ പൗർണമി നെൽവിത്തിന്റെ കലർപ്പ് മൂലമോ മറ്റ് ചില പാടങ്ങളിൽ കാലാവസ്ഥാ വ്യതിയാനം കൊണ്ട് വിത്തിനുണ്ടായ സ്വഭാവ വ്യത്യാസം മൂലമോ ആകാം വ്യത്യസ്ത കാലയളവിൽ ഉണ്ടായ കതിരിടൽ എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ബി) | ഈ സീസണിൽ ഗുണമേന്മയുള്ള മൂപ്പ് കുറഞ്ഞ നെൽവിത്തുകൾ സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ പാടശേഖര സമിതികൾ/വ്യക്തിഗത കർഷകർ എന്നിവർ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം ഉത്പാദിപ്പിക്കുന്നു. ആയത്, സംസ്ഥാന വിത്തു പരിശോധനാ ലാബിൽ പരിശോധന നടത്തി ഗുണമേൻമ ഉറപ്പ് വരുത്തിയ ശേഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.)-യുടെ അന്തിമാനുമതിക്ക് വിധേയമായി കർഷകരിൽ നിന്നും സംഭരിച്ച് വിതരണം നടത്തി വരുന്നുണ്ട്. മൂപ്പ് കുറഞ്ഞ ഇനം നെൽവിത്തുകളായ ജ്യോതി, ശ്രേയസ് എന്നീ ഇനം നെൽവിത്തുകൾ കൃഷിഭവനുകളുടെ ആവശ്യാനുസരണം സീഡ് അതോറിറ്റി വിതരണം ചെയ്തു വരുന്നുണ്ട്. സീഡ് അതോറിറ്റിയിൽ ലഭ്യമല്ലാത്ത വിത്തിനങ്ങൾ സംസ്ഥാന വിത്തുത്പാദന കേന്ദ്രങ്ങൾ, കേരള കാർഷിക |

| | | | |
|---|---|---|---|
| | | | സർവകലാശാല, നാഷണൽ സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സംസ്ഥാന വിത്ത് കോർപ്പറേഷൻ ,ആന്ധ്രാപ്രദേശ് സംസ്ഥാന വിത്ത് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച് സംസ്ഥാനത്ത് വിതരണം ചെയ്ത് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ